# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കൊഴുവനാൽ ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001

ഇ-മെയിൽ: doktm.ksad@kerala.gov.in

ഫോൺ : 0481-2564886

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെഎസ്എകെടിഎം പി7/937/21
തീയതി06.08.2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോട്ടയം-686001
തീയ്യതി: 06/08/2021
ഇ-മെയിൽ: doktm.ksad@kerala.gov.in
ഫോൺ: 0481-2564886

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കൊഴുവനാൽ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-

പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോട്ടയം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെഎസ്എകെടിഎം പി7/937/21
തീയതി06.08.2021

തീയ്യതി: 06/08/2021

## കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 15 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 30-07-2021 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|

| | | | |
|---|---|---|---|
| രാധാകൃഷ്ണൻ എം എൻ | ഡെപ്യൂട്ടി ഡയറക്ടർ | 14-07-2021 | 30-07-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 14-07-2021 | 30-07-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി മായ ആർ, ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ശ്രീമതി അമ്പിളി എം, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി സാറാമ്മ ജോൺ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി കൃഷ്ണപ്രിയ എസ്, ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ തോമസ് ജോർജ് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ ലിജോ ജോബ് | സെക്രട്ടറി | 01-04-2019 | 31-03-2020 |

നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി ധനലക്ഷമി എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീമതി ബിനി ഫിലിപ്പ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ. വിമൽകുമാർ എം ബി | വെറ്ററിനറി സർജൻ | 01-04-2019 | 31-03-2020 |

| | | | |
|---|---|---|---|
| ഡോ വിനീത റ്റി എസ് | മെഡിക്കൽ ഓഫീസർ-പിഎച്ച്സി | 01-04-2019 | 31-03-2020 |
| ഡോ. ബിനോജ് കെ ജോസ് | മെഡിക്കൽ ഓഫീസർ-ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ. ആനി നെറിൻ സക്കറിയ | മെഡിക്കൽ ഓഫീസർ-ഹോമിയോ | 01-04-2019 | 31-03-2020 |
| ശ്രീ രാജീവ് സി | ഹെഡ്മാസ്റ്റർ | 01-04-2019 | 31-03-2020 |
| ശ്രീമതി ശ്രീകല | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2019 | 31-03-2020 |
| ശ്രീ ലിബീഷ് മാത്യു | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീ കപിൽ കെ എ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 01-04-2019 | 31-03-2020 |

<u>ഉള്ളടക്കം</u>


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Krishnapriya.S (Auditor, On 27-07-2021)<br>Last Updated By: Krishnapriya.S (Auditor, On 27-07-2021) | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക<br>Written By: Krishnapriya.S (Auditor, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-2 |
| 3 | സാമ്പത്തിക വിശകലനം<br>Written By: Krishnapriya.S (Auditor, On 20-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-3 |
| 4 | ഫണ്ട് വിനിയോഗം<br>Written By: Krishnapriya.S (Auditor, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-4 |
| 5 | പദ്ധതി അവലോകനം<br>Written By: Maya R (Audit Officer, On 26-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Saramma John (Asst. Audit Officer, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-6 |
| 7 | ക്ഷേമപദ്ധതികൾ<br>Written By: Ambily M (Asst. Audit Officer, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-7 |
| 8 | ക്യാഷ് ബാലൻസ് പരിശോധന<br>Written By: Krishnapriya.S (Auditor, On 19-07-2021)<br>Last Updated By: Krishnapriya.S (Auditor, On 19-07-2021) | 1-8 |
| 9 | ആഭ്യന്തര നിയന്ത്രണം<br>Written By: Maya R (Audit Officer, On 30-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Maya R (Audit Officer, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-10 |
| 11 | സമ്പൂർണ്ണ ഭവനപദ്ധതി - ലോൺ തിരിച്ചടവിൻെറ കൃത്യ രേഖകൾ ലഭ്യമല്ല.<br>Written By: Krishnapriya.S (Auditor, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-11 |
| 12 | ജീവനക്കാരുടെ തൊഴിൽ നികുതി - കുടിശ്ശിക നിലനിൽക്കുന്നു<br>Written By: Krishnapriya.S (Auditor, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-12 |
| 13 | സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല<br>Written By: Krishnapriya.S (Auditor, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-13 |
| 14 | കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും | 1-14 |

| | | |
|---|---|---|
| | വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും "ലൈസൻസ് നൽകൽ)ചട്ടങ്ങൾ -നടപടി ക്രമം പാലിച്ചില്ല.<br>Written By: Saramma John (Asst. Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | |
| 15 | ഷോപ്പിംഗ് കോപ്ളക്സ് വാടക കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.<br>Written By: Saramma John (Asst. Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-15 |
| 16 | പാരാമെഡിക്കൽ രജിസ്ട്രേഷനില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു<br>Written By: Saramma John (Asst. Audit Officer, On 31-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-16 |
| 17 | തമ്പഴത്തോട്ടിൽ വലിയപറമ്പ് ഭാഗത്ത് ചെക്ക് ഡാമും പാലവും നിർമ്മാണം - പാലം നിർമ്മാണം പാഴ്ചെലവ്<br>Written By: Maya R (Audit Officer, On 28-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-17 |
| 18 | ജിഎസ് ടി കോമ്പൻസേഷൻ നൽകിയ കരാറുകാരനിൽ നിന്നും സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്യേണ്ട നികുതി ഈടാക്കിയിട്ടില്ല<br>Written By: Maya R (Audit Officer, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-18 |
| 19 | എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് - ആവശ്യാധിഷ്ഠിതമല്ലാതെയുള്ള നിർമ്മാണം -പാഴ്ചെലവ്<br>Written By: Maya R (Audit Officer, On 31-07-2021)<br>Last Updated By: Rajesh M (Asst. Audit Officer, On 02-08-2021) | 1-19 |
| 20 | പൊതുശൗചാലയസമുച്ചയം- സ്ഥലലഭ്യത ഉറപ്പുവരുത്താതെ പ്രൊജക്റ്റ് ആരംഭിച്ചു- നിർമ്മാണം പൂർത്തിയാക്കിയവ പ്രയോജനപ്രദമായില്ല<br>Written By: Maya R (Audit Officer, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-20 |
| 21 | തോടനാൽ ഭാഗത്ത് നടപ്പാത കോൺക്രീറ്റിങ്ങ് - കരാർ പ്രകാരമുള്ള മുഴുവൻ പ്രവർത്തികളും പൂർത്തീകരിക്കാതെ ഫൈനൽ ബിൽ തുക നൽകി<br>Written By: Maya R (Audit Officer, On 29-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 1-21 |
| 22 | പഞ്ചായത്ത് അംഗം ഹാജരാകാത്ത കമ്മിറ്റികളിൽ ഹോണറേറിയം അനുവദിച്ചത് | 1-22 |

| | | |
|---|---|---|
| | ക്രമപ്രകാരമല്ല<br>Written By: Ambily M (Asst. Audit Officer, On 02-08-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം<br>Written By: Krishnapriya.S (Auditor, On 27-07-2021)<br>Last Updated By: Krishnapriya.S (Auditor, On 27-07-2021) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Krishnapriya.S (Auditor, On 27-07-2021)<br>Last Updated By: Krishnapriya.S (Auditor, On 27-07-2021) | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Krishnapriya.S (Auditor, On 27-07-2021)<br>Last Updated By: Krishnapriya.S (Auditor, On 27-07-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: Krishnapriya.S (Auditor, On 19-07-2021)<br>Last Updated By: Maya R (Audit Officer, On 20-07-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: Krishnapriya.S (Auditor, On 20-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-08-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: Krishnapriya.S (Auditor, On 19-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-08-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Krishnapriya.S (Auditor, On 19-07-2021)<br>Last Updated By: Maya R (Audit Officer, On 20-07-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ<br>Written By: Krishnapriya.S (Auditor, On 19-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-08-2021) | 4-8 |
| 9 | ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Krishnapriya.S (Auditor, On 19-07-2021)<br>Last Updated By: Maya R (Audit Officer, On 20-07-2021) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Maya R (Audit Officer, On 27-07-2021)<br>Last Updated By: Anju P Natarajan (Computer Assistant, On 06-08-2021) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് | 4-11 |

| | | |
|---|---|---|
| | റിപ്പോർട്ടുകൾ<br>Written By: Maya R (Audit Officer, On 27-07-2021)<br>Last Updated By: Ramamol Velayudhan (Computer Assistant, On 02-08-2021) | |

| | |
|---|---|
| **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |

## ഭാഗം -1

### 1-1 ബജറ്റ്

2019-20 വർഷത്തെ ബജറ്റ് 25.02.2019 തീയതിയിലെ III/1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. 11.02.2020 തീയതിയിലെ V/1-ാം നം. തീരുമാനപ്രകാരം ബജറ്റ് പുതുക്കി അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വരവുചെലവ്, യഥാർത്ഥ വരവ് ചെലവ് എന്നിവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | ബജറ്റ് പ്രതീക്ഷ | യഥാർത്ഥം |
|---|---:|---:|
| മുന്നിരിപ്പ് | 689615.90 | 7522062.90 |
| വരവ് | 107696200.00 | 32305409.00 |
| ആകെ | 108385815.90 | 39827471.90 |
| ചെലവ് | 107910557.00 | 33313513.00 |
| നീക്കിയിരിപ്പ് | 475258.90 | 6513958.90 |

### 1-2 വാർഷിക ധനകാര്യ പത്രിക

ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 14.05.2020-ലെ IV-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിച്ച 2019-20 ലെ വാർഷിക ധനകാര്യപത്രികയുടെ ഭാഗമായ റസീറ്റ്സ് ആന്റ് പേയ്മെന്റ് പത്രിക പ്രകാരമുള്ള വർഷാരംഭ മുന്നിരിപ്പ് 7522062.90 രൂപയും തൻവർഷ വരവ് 32305409.00 രൂപയും തൻവർഷചെലവ് 33313513.00 രൂപയും വർഷാവസാന നീക്കിയിരിപ്പ് 6513958.90 രൂപയും ആകുന്നു. തൻവർഷത്തെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള ആകെ വരുമാനം 50309135.00 രൂപയും ആകെ ചെലവ് 49846926.00 രൂപയും ആകുന്നു. മേൽ വിവരിച്ച ധനകാര്യപത്രികകൾ പരിശോധിച്ചതിൽ നിലനിൽക്കുന്ന അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26/07/2011- ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. ഉത്തരവ് പ്രകാരം ആസ്തികളുടെ വർഗ്ഗീകരണവും അക്കൗണ്ടിങ്ങും പൂർത്തിയായിട്ടില്ല.
2. ആസ്തികൾക്ക് ഡിപ്രീസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അക്കൗണ്ട്സ് ചട്ടങ്ങൾ പ്രകാരമുള്ള നിരക്കിലാണോ എന്നത് വർക്ക് ഷീറ്റിന്റെ അഭാവത്തിൽ വ്യക്തമല്ല.
3. വസ്തുനികുതി വിവിധ ശീർഷകങ്ങളിലുള്ള കളക്ഷൻ, നീക്കിയിരിപ്പ് തുകകൾ വാർഷിക കണക്കുകൾ പ്രകാരമുള്ളത് സഞ്ചയ ഡി.സി.ബി. പത്രികയിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

4. B5 ഷെഡ്യൂൾ പ്രകാരം Secured Loans From Co-Operative Banks എന്ന ഹെഡിൽ 31.03.2020-ൽ അവശേഷിക്കുന്ന 49723/- രൂപയുടെ കൃത്യത യഥാർത്ഥ രേഖകളുടെ അഭാവത്തിൽ വ്യക്തമല്ല.

5. വാർഷിക കണക്കിനൊപ്പം അനുപാതങ്ങൾ, വാർഷിക കണക്കിന്മേലുള്ള കുറിപ്പുകൾ എന്നിവ തയ്യാറാക്കി സമർപ്പിച്ചിരുന്നില്ല.

6. പിരിഞ്ഞ് കിട്ടാനുള്ള തുകയ്ക്ക് കാലപ്പഴക്കത്തിന്റെ അടിസ്ഥാനത്തിൽ പ്രൊവിഷൻ നൽകിയിട്ടില്ല.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 7522062.90 |
| ഓഡിറ്റ് വർഷത്തെ വരവ് | 32305409.00 |
| ആകെ | 39827471.90 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 33313513.90 |
| നീക്കിയിരിപ്പ് | 6513958.90 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 298031 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസന ഫണ്ട് - ജനറൽ | 0 | 7386800 | 7386800 | 5863008 | 1523792 |
| വികസന ഫണ്ട് - എസ് സി പി | 0 | 1915000 | 1915000 | 1429412 | 485588 |
| വികസന ഫണ്ട് - ടി എസ് പി | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ് ഫണ്ട് (റോഡ്) | 0 | 19427000 | 19427000 | 2119860 | 17307140 |
| മെയിന്റനൻസ് ഫണ്ട് (നോൺ-റോഡ്) | 0 | 3251000 | 3251000 | 1422204 | 1828796 |
| കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5110260 | 5110260 | 1346238 | 3764022 |
| എം.ജി.എൻ.ആർ.ഇ. ഇ എഫ് എം | 0 | 8138926 | 8138926 | 8138926 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ജി.എസ് | എസ് | | | | | |
| | ഭരണച്ചെലവ് | 1976 | 727851 | 729827 | 516431 | 213396 |
| ജലനിധി | | 1345841 | 3182536 | 4528377 | 3600715 | 927662 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ) | | | | | | |
| ശുചിത്വമിഷൻ | | 2290559 | 367983 | 2658542 | 1542157 | 1116385 |
| ഐ സി ഡി എസ് | | 1135047 | 309951 | 1444998 | 666667 | 778331 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ) | | | | | | |
| ലൈഫ് ഭവനപദ്ധതി | | 0 | 1634966 | 1634966 | 1634966 | 0 |

കുറിപ്പ്:

1. പ്രോജക്ട് 151/20, 163/20 എന്നിവ പ്രകാരം ലൈഫ് മിഷൻ ഹഡ്കോ വായ്പ തിരിച്ചടവിനുള്ള ചെലവ് യഥാക്രമം 205882 രൂ, 205883 രൂ വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും, പ്രോജക്ട് നം. 152/20, 164/20 എന്നിവ പ്രകാരമുള്ള വായ്പാ തിരിച്ചടവ് 14706 രൂപ വീതം വികസനഫണ്ട് എസ് സി പി വിഭാഗത്തിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തത് വാർഷിക കണക്കിലും വാർഷിക ധനകാര്യ പത്രികയിലും ഉൾപ്പെട്ടിട്ടില്ല.

2. പ്രോജക്ട് 150/20 പ്രകാരം അംഗൻവാടി വർക്കർമാർക്കും ഹെൽപ്പർമാർക്കും അധികം ഹോണറേറിയം ഇനത്തിൽ തിരിച്ചടവിനുള്ള ചെലവ് 700800 രൂ വികസന ഫണ്ട് പൊതു വിഭാഗത്തിൽ നിന്നും ഉറവിടത്തിൽ കുറവ് ചെയ്തത് വാർഷിക കണക്കിലും വാർഷിക ധനകാര്യ പത്രികയിലും ഉൾപ്പെട്ടിട്ടില്ല.

3. ഗ്രാന്റ് പത്രിക പ്രകാരം മേഖല തിരിച്ചുള്ള പദ്ധതികളുടെ എണ്ണവും അവയ്ക്കുള്ള അലോട്ട്മെന്റും നീക്കിയിരുപ്പും സുലേഖ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾ നിലനിൽക്കെയാണ് അനുബന്ധം 2 പ്രകാരമുള്ള ഗ്രാന്റ് വിനിയോഗ സാക്ഷ്യപത്രം നൽകിയിട്ടുള്ളത്.

## 1-5 പദ്ധതി അവലോകനം

ഗ്രാമപഞ്ചായത്തിന്റെ 2019-20 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണസമിതിയുടെ 09.3.2020ലെ ഉത്തരവ് നം.2707/18/DPC/DPO/KTM പ്രകാരം പുതുക്കി അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| ആസൂത്രണസമിതി യോഗം | 16-10-2018 |
| വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേർന്നത് | 16-10-2018 |
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 20-11-2018 |
| ഊരുകൂട്ടം/വയോജന/ഭിന്നശേഷി ഗ്രാമസഭ | 28-11-2018 |
| വികസനസെമിനാർ | 05-12-2018 |

2019-20 ലെ വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 51628145/-രൂപയും ആകെ ചെലവ് 18476591/-രൂപയുമാണ്. ചെലവുശതമാനം 35.78%. സർക്കാർ ഉത്തരവ് നമ്പർ ഉത്തരവ് (സാധാ)990/2019/ത സ്വ. ഭ.വ തീയതി 15/3/2019 പ്രകാരം സ്പിൽ ഓവർപ്രോജക്ടുകൾക്ക്

ഉൾപ്പെടെയുള്ള തുക ലഭിക്കുമെന്നതിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് വാർഷികപദ്ധതിയിൽ വികസനഫണ്ടിൽ അധികതുക വകയിരുത്തിയിരുന്നു. പിന്നീട് ബജറ്റ് വകയിരുത്തലിനനുസൃതമായി വാർഷികപദ്ധതി അടങ്കലിൽ ഭേദഗതി വരുത്തിയുമില്ല. മേൽസാഹചര്യം വാർഷികപദ്ധതിക്കുവേണ്ടിയുള്ള വികസനഫണ്ടിന്റെ വകയിരുത്തൽ സംസ്ഥാനബജറ്റ്പ്രകാരം അനുവദിച്ച തുകകളേക്കാൾ അധികമാകുന്നതിനിടയായി.

വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിശദാംശം സുലേഖ ചെലവ് പത്രിക പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| നിർവഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 1 | 1 | 933000 | 933000 | 100% |
| വെറ്ററിനറി സർജൻ | 4 | 3 | 2011000 | 791000 | 64% |
| എം.ഒ (പിഎച്ച്സി) | 2 | 2 | 450000 | 412839 | 83% |
| എം.ഒ(ഹോമിയോ) | 1 | 1 | 50000 | 50000 | 100% |
| എം.ഒ (ആയുർവേദം)) | 1 | 1 | 400000 | 400000 | 100% |
| വി ഇ ഒ | 12 | 9 | 9036264 | 5751526 | 48.7% |
| ഐ സി ഡി എസ് സൂപ്പർവൈസർ | 4 | 3 | 3124008 | 2853067 | 78% |
| സെക്രട്ടറി | 19 | 17 | 2309120 | 1691836 | 24.2% |
| അസി.എൻജിനീയർ – എൽ.എസ്.ജി.ഡി | 99 | 18 | 31968319 | 4246889 | 66.9% |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 500000 | 500000 | 60% |
| ഹെഡ്മാസ്റ്റർ | 1 | 2 | 846434 | 846434 | 70% |
| ആകെ | 146 | 58 | 51628145 | 18476591 | 60.2% |

<u>വിനിയോഗലക്ഷ്യം കൈവരിച്ചില്ല- 2.49 കോടി രൂപ സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ടു.</u>

2019-20 കാലയളവിലെ സർക്കാർഫണ്ടുകളുടെ വിനിയോഗത്തിൽ ലക്ഷ്യം കൈവരിക്കാൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ലായെന്ന് കാണുന്നു. റോഡ് മെയിന്റനൻസ് ഗ്രാന്റ്, ധനകാര്യകമ്മീഷൻ ഗ്രാന്റ് വിനിയോഗം യഥാക്രമം10.9%, 26% മാത്രമാണ്. ട്രഷറി നിയന്ത്രണങ്ങളും കോവിഡ് അനന്തര ലോക്ക്ഡൗണും അതിനെ തുടർന്നുള്ള നിയന്ത്രണങ്ങളും മൂലമാണ് തുക വിനിയോഗത്തിൽ കുറവ് സംഭവിച്ചതെന്ന് കരുതുന്നു. തൻവർഷം സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട സർക്കാർ ഗ്രാന്റുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | തുക |
|---|---|
| വികസനഫണ്ട് -പൊതുവിഭാഗം | 1523792 |
| എസ് സിപി | 485588 |

| | |
|---|---|
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 17307140 |
| റോഡിതര മെയിന്റനൻസ് ഗ്രാന്റ് | 1828796 |
| സിഎഫ് സി ഗ്രാന്റ് | 3764022 |
| ആകെ | 24909338/- |

സ്പിൽ ഓവർ പ്രോജക്ടുകൾക്കുള്ള ക്യാരി ഓവർ വിഹിതത്തിന്റെ 50%തുകയായ 819250/- രൂപ സ.ഉ(സാധാ) 2904/2021/ധന തീയതി 25-3-2021പ്രകാരം ലഭിച്ചിരുന്നു. എങ്കിലും സഞ്ചിതനിധിയിലേക്ക് തിരികെ എടുക്കപ്പെട്ട 2.4 കോടി രൂപ ആത്യന്തികമായി ഗ്രാമപഞ്ചായത്തിന് നഷ്ടമായി. 2.4 കോടി രൂപ തൻവർഷം ചെലവഴിക്കാനാവാതെ പാഴായി എന്നത് ഗ്രാമപഞ്ചായത്ത് ഗൗരവത്തോടെ വിലയിരുത്തേണ്ടതും ഭാവിയിൽ വിനിയോഗലക്ഷ്യം കൈവരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്. ഭരണസമിതികളും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികളും പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ പുലർത്തേണ്ടതാണ്.

## 1-6 തൊഴിലുറപ്പ് പദ്ധതി

തൊഴിലുറപ്പ് പദ്ധതിയുടെ 2019-20 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 13 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2019-20വർഷം സാങ്കേതിക അനുമതി ലഭിച്ച 154 പ്രോജക്ടുകളിൽ 71 എണ്ണം മാത്രം തൻവർഷം നടപ്പിലാക്കി. 26978 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 432 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ആകെയുള്ള 92 അയൽക്കൂട്ടങ്ങളും പദ്ധതികളുമായി സഹകരിക്കുന്നുണ്ട്. ലൈഫ് ഭവന നിർമ്മാണം, ആട്ടിൻകൂട് നിർമ്മാണം, മഴക്കുഴി നിർമ്മാണം, ചെക്ക് ഡാം നിർമ്മാണം എന്നിങ്ങനെയുള്ള പ്രോജക്ടുകളാണ് തൻവർഷം നടപ്പാക്കിയത്. എം ജി എൻ ആർ ഇ ജി എസ് ക്യാഷ്ബുക്ക് പ്രകാരമുള്ള 2019-20 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| മുന്നിരിപ്പ് | | | 1976.00 |
| വരവ് | ഇ.എഫ്.എം.എസ്. വരവ് | 8138926.00 | |
| | ക്യാഷ് വരവ്(ബാങ്ക് പലിശ ഉൾപ്പടെ) | 727851.00 | |
| ആകെ വരവ് | | | 8868753.00 |
| ചെലവ് | തൊഴിലാളികളുടെ വേതനം | 7455376.00 | |
| | വിദഗ്ധ തൊഴിലാളികളുടെ വേതനം | 180870.00 | |
| | ഉപകരണങ്ങളുടെ വില, വാടക | 502680.00 | |
| | ഭരണ ചെലവുകൾ (ബാങ്ക് ചാർജ് ഉൾപ്പടെ) | 516431.24 | |
| ആകെ ചെലവ് | | | 8655357.24 |
| നീക്കിയിരിപ്പ് | | | 213395.76 |

## 1-7 ക്ഷേമപദ്ധതികൾ

2019-20 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 30 | 29880 |
| കർഷകതൊഴിലാളി പെൻഷൻ | 277 | 781200 |
| വിധവാപെൻഷൻ | 739 | 2153400 |
| വാർദ്ധക്യകാല പെൻഷൻ | 1968 | 5957400 |
| വികലാംഗ പെൻഷൻ | 257 | 775600 |
| 50 വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 40 | 121200 |
| വിവാഹ ധനസഹായം | 1 | 30000 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

2019-20, 2020-21 വർഷങ്ങളിലെ ഓഡിറ്റ് ഒരേ സമയത്ത് നടത്തിയതിനാൽ ക്യാഷ് ബാലൻസ് സംബന്ധിച്ച വിവരം 2020-21 റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഗ്രാമപഞ്ചായത്തിലെ വിവിധ ഓഫീസ് ഉത്തരവുകളിലൂടെ ഓഫീസ് പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓഫീസ് ഉത്തരവുകൾ പ്രകാരം ചെലവുകളുടെ നിയമസാധുത പരിശോധിച്ച് ഉറപ്പുവരുത്തുന്നതിന് സെക്ഷൻ ക്ലാർക്കിനെയും ഉപരിപരിശോധനയ്ക്ക് അക്കൗണ്ടന്റിനെയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജീവനക്കാർ സ്ഥലം മാറിപ്പോവുന്ന സന്ദർഭങ്ങളിൽ ഓഫീസ് ഓർഡർ പ്രകാരം ചുമതലാകൈമാറ്റം നടത്തുന്നുണ്ടെങ്കിലും സെക്ഷന് കൈമാറാനുള്ള ഫയലുകൾ രജിസ്റ്ററിൽ ചേർത്ത് രേഖാമൂലം കൈമാറി നൽകുന്നതിൽ വീഴ്ച വരുത്തുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തി ആധികാരികമാക്കിയിട്ടുണ്ട്. നികുതി കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ നടപടികൾ സ്വീകരിക്കുന്നുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 31/03/2020 | 03/2020 | ലഭ്യമായില്ല |
| അക്കൗണ്ടന്റ് | 03.02.2018 മുതൽ | 2016-17 | എൽ.ബി.എ |

| | | | | |
|---|---|---|---|---|
| | ജനറലിന്റെ ഓഡിറ്റ് | 16.02.2018 വരെ | വരെ | (എച്ച്.ക്യൂ)II/ 8എ-2770/36 തീയതി 06.04.2018 |

## 1-11 സമ്പൂർണ്ണ ഭവനപദ്ധതി - ലോൺ തിരിച്ചടവിൻെറ കൃത്യ രേഖകൾ ലഭ്യമല്ല.

കൊഴുവനാൽ ഗ്രാമപഞ്ചായത്ത് 2004-2005 വർഷം കോട്ടയം ജില്ലാ സഹകരണ ബാങ്ക്, പാലാ ബ്രാഞ്ചിന്റെ ധനസഹായത്തോടെ നടപ്പാക്കിയ സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരം ആകെ വായ്പാ തുക 4440000/- രൂപയാണ്. ബാങ്കുമായുള്ള കരാർ പ്രകാരം വായ്പാ തുകയുടെ മുതലും പലിശയും ഗ്രാമപഞ്ചായത്ത് അടവാക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ പലിശയിനത്തിലുള്ള തുക അടവാക്കുന്നത് അനുവദനീയമല്ലെന്ന് 15.12.2006 ലെ സർക്കാർ ഉത്തരവ് (എം എസ്) 285/06/തസ്വഭവ പ്രകാരം ഉത്തരവായിരുന്നു. ഗ്രാമപഞ്ചായത്ത് മുഴുവൻ വായ്പ തുകയും അടവാക്കിയെങ്കിലും അടവാക്കിയ തുക മുതൽ, പലിശ ഇനങ്ങളിലായാണ് ബാങ്ക് വരവ് വച്ചത്. ആയതിനാൽ ബാങ്ക് പത്രിക പ്രകാരം ഗ്രാമപഞ്ചായത്ത് മുതൽ ഇനത്തിൽ തുക അടയ്ക്കാൻ അവശേഷിക്കുന്നു. ഏതാനും ചില ഗുണഭോക്താക്കൾ പലിശയിനത്തിലുള്ള തുക അടവാക്കി ആധാരം വീണ്ടെടുത്തുവെങ്കിലും പലിശയിനത്തിൽ ഇനിയും ബാങ്കിലേക്ക് തുക അടയ്ക്കുവാൻ ശേഷിക്കുന്നുണ്ട്. 2015-16 വാർഷിക ധനകാര്യ പത്രിക പ്രകാരം നടന്ന ഓഡിറ്റിൽ 450430101- എന്ന സാംഖ്യ കണക്ക് ശീർഷകത്തിലുള്ള അക്കൗണ്ടിൽ 11127/- രൂപ നീക്കിയിരിപ്പ് ഉള്ളതായും പ്രസ്തുത അക്കൗണ്ടിൽ കൂടി ഏതിനം ഫണ്ടിന്റെ വിനിമയമാണ് നടന്നിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതുമാണെന്നും പരാമർശിച്ചിരുന്നുവെങ്കിലും 2018-19 വർഷം വരെ മേൽ അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ ശേഷിച്ചിരുന്നു. 2019-20 വർഷം സമ്പൂർണ്ണ ഭവന പദ്ധതി പ്രകാരമുള്ള വായ്പാ അക്കൗണ്ട് വാർഷിക ധനകാര്യ പത്രികയിൽ സെക്യേർഡ് ലോൺസ് എന്ന ശീർഷകത്തിലേക്ക് 49723/- രൂപ എന്ന തുക ചേർത്തിട്ടുള്ളതാണ്. എന്നാൽ മേൽ തുകയും ബാങ്ക് പത്രിക പ്രകാരമുള്ള തുകകളും പൊരുത്തപ്പെടുന്നില്ല. ലോൺ തുകയുടെ കൃത്യത സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്തിൽ ലഭ്യമല്ല. ലോൺ തുകയുടെ കൃത്യ വിവരങ്ങൾ ശേഖരിച്ച് തുക അടവാക്കി മേൽ അക്കൗണ്ട് ക്ലോസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-12 ജീവനക്കാരുടെ തൊഴിൽ നികുതി - കുടിശ്ശിക നിലനിൽക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ തൊഴിൽ നികുതി ഡിമാന്റിൽ ഉൾപ്പെട്ടിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | സപ്ലൈക്കോ സൂപ്പർ മാർക്കറ്റ് | 2 |
| 2 | തേവരോലിക്കൽ ഹോമിയോ ക്ലിനിക് | 1,2 |
| 3 | പി ജെ എസ് ഇൻഡസ്ട്രീസ് | 1,2 |
| 4 | ഷാജു ഫൈനാൻസ് | 2 |

| | | |
|---|---|---|
| 5 | ധന്യ ഫൈനാൻസ് | 1,2 |
| 6 | അക്ഷയ സെൻററ്, കൊഴുവനാൽ | 1,2 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (2/19.07.2021) ഡിമാൻറ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും അടവാക്കിയിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 1-13 സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഡിമാൻറ് ചെയ്ത് ഈടാക്കേണ്ടതാണ്. 2019-20 സാമ്പത്തിക വർഷം കൊഴുവനാൽ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കായിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | തേവറോലിക്കൽ ഹോമിയോ ക്ലിനിക് | 1,2 |
| 2 | ഷാജു ഫൈനാൻസ് | 1,2 |
| 3 | ധന്യ ഫൈനാൻസ് | 1,2 |
| 4 | കള്ള് ഷാപ്പ് നം.6 | 2 |
| 5 | കള്ള് ഷാപ്പ് നം.7 | 2 |
| 6 | കള്ള് ഷാപ്പ് നം.10 | 2 |
| 7 | കള്ള് ഷാപ്പ് നം.11 | 2 |
| 8 | തൃപ്തി കാറ്ററിംഗ് | 1,2 |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (3/19.07.2021) തൊഴിൽ നികുതി ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി നൽകി. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-14 കേരള പഞ്ചായത്ത് രാജ് ( ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും "ലൈസൻസ് നൽകൽ)ചട്ടങ്ങൾ -നടപടി ക്രമം പാലിച്ചില്ല.

1)2018ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട് നിലവിൽ വന്നതോടെ 1996 ലെ ഡ&ഒ ലൈസൻസ് ചട്ടങ്ങൾക്ക് ഭേദഗതി വന്നു. 31.10.2017ലെ GO(P) 80 /2017 / തസ്വഭവ ഉത്തരവ് (എസ് ആർ ഒ നമ്പർ 674/ 2017) ഭേദഗതിയോടെ " ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ" ചട്ടങ്ങൾ പ്രകാരം മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ 2019-20 വർഷം കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ ലൈസൻസ് നൽകുന്നതിന് പഴയ രീതിയിലുള്ള ഫാറം ആണ് ഉപയോഗിച്ചിരിക്കുന്നത്. മൂലധനനിക്ഷേപം ഫോമിൽ രേഖപ്പെടുത്തിയിട്ടില്ല.

2)2019-20 വർഷം കൊഴുവനാൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയതായി രേഖയില്ല.

A)സപ്ലൈകോ സൂപ്പർ മാർക്കറ്റ്

B) ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ കടകൾ

C) കള്ള് ഷോപ്പ് നമ്പർ 6, 7,10,11.

3)ലൈസൻസ് രജിസ്റ്റർ പ്രകാരം 2019 -20 വർഷം 214 സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട്. എന്നാൽ ട്രേഡേഴ്സ് ലിസ്റ്റിൽ 161 സ്ഥാപനങ്ങൾ മാത്രമേ ഉള്ളൂ. കൂടാതെ ട്രേഡേഴ്സ് ലിസ്റ്റിൽ കെട്ടിടനമ്പർ രേഖപ്പെടുത്തിയിട്ടില്ല .

ഇതുസംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 4/19-20,തീയതി: 19.07.2021) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. 2019 -20 വർഷം ലൈസൻസ് പുതുക്കിയ അപേക്ഷയിൽ മുൻ വർഷത്തെ ഫീസാണ് ഈടാക്കിയതെന്നും,പുതിയ ലൈസൻസ് അപേക്ഷയിൽ മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിലാണ് ലൈസൻസ് ഫീസ് ഈടാക്കിയതെന്നും അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ട്രേഡേഴ്സ് ലിസ്റ്റ് പരിശോധന നടത്തി കാലികമാക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തുടർ നടപടികളുടെ വിശദാംശം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-15 ഷോപ്പിംഗ് കോപ്ളക്സ് വാടക കുടിശ്ശിക ഈടാക്കാനവശേഷിക്കുന്നു.

ഷോപ്പിംഗ് കോപ്ളക്സ് വാടകയുടെ 2019 -20ലെ അരിയർ ഡിസിബി പത്രികപ്രകാരം 6100/- രൂപ കുടിശികയുള്ളതായി കാണുന്നു. മേൽ തുകയിൽ 1300/- മാത്രമേ നാളിതുവരെ അടവാക്കിയിട്ടുള്ളൂ. 4800/- രൂപ ഇനിയും ഈടാക്കാൻ അവശേഷിക്കുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി ക്ക് (നമ്പർ 15 /19 -20/19.07.2021) 2012 -13 മുതലുള്ള വാടക രജിസ്റ്റർ പരിശോധിച്ചെങ്കിലും വിവരങ്ങൾ കണ്ടെത്താൻ സാധിച്ചിട്ടില്ല എന്നും ആയത് കണ്ടെത്തുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. മേൽകുടിശിക ഏതിനത്തിലുള്ളതാണെന്ന് കണ്ടെത്തി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 പാരാമെഡിക്കൽ രജിസ്ട്രേഷനില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിച്ചു

1994 -ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 270, 1997 ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ എന്നിവ പ്രകാരം മുൻ കൂട്ടി രജിസ്ട്രേഷനില്ലാതെ യാതൊരു സ്വകാര്യ ആശുപത്രിയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനവും പ്രവർത്തിക്കാൻ പാടുള്ളതല്ല.എന്നാൽ താഴെ പറയുന്ന സ്ഥാപനങ്ങൾ 2019-20 വർഷം പാരാമെഡിക്കൽ രജിസ്ട്രേഷനില്ലാതെ പ്രവർത്തിച്ചു.

1) നിരപ്പേൽ ഹോമിയോ ക്ലിനിക്ക് .

2)തേവറോലിക്കൽ ഹോമിയോ ക്ലിനിക്ക് .

3)സാൻസ് ലാബ് പ്രൈവററ് ലിമിറ്റഡ് .

4)ദീപ്തി ക്ലിനിക്ക് ,കൊഴുവനാൽ

ഇതുസംബന്ധിച്ച് നൽകിയ എൻക്വയറിക്ക് ( നമ്പർ 5/ 19 -20 /19. 7. 2021) പാരാമെഡിക്കൽ രജിസ്ട്രേഷൻ പുതുക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്.മേൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ പുതുക്കി, ഫീസ് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 1-17 തമ്പഴത്തോട്ടിൽ വലിയപറമ്പ് ഭാഗത്ത് ചെക്ക് ഡാമും പാലവും നിർമ്മാണം - പാലം നിർമ്മാണം പാഴ്ച്ചെലവ്

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 114/2020 തമ്പഴത്തോട്ടിൽ വലിയപറമ്പ് ഭാഗത്ത് ചെക്ക് ഡാമും പാലവും നിർമ്മാണം |
| അടങ്കൽ | 211057/-(ജില്ലാപഞ്ചായത്ത് വിഹിതം) +100000(MG റോഡ്) |
| ചെലവ് | 100000(Bill No 1/20-04-2019) MG |
| കരാറുകാരൻ | സിജുമോൻ സി |
| കരാർ നം | 80/AE/LSGD/KVL/06-03-19 |
| എംബുക്ക് നം | 147/18-19 |

2018-19 വർഷം തമ്പഴത്തോട്ടിൽ വലിയപറമ്പ് ഭാഗത്ത് ചെക്ക് ഡാം നിർമ്മിക്കുന്നതിനും അതിനുമുകളിലായി പാലം നിർമ്മിക്കുന്നതിനുമായി 7 ലക്ഷം രൂപ ജില്ലാപഞ്ചായത്ത് വിഹിതവും 1ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റ് വിഹിതവും ഉൾപ്പടെ 8ലക്ഷം രൂപ അടങ്കലായി തയ്യാറാക്കിയ പ്രൊജക്ടായിരുന്നു ഇത്. ആയതിനായി 18-09-2018 ൽ 7ലക്ഷം രൂപ ജില്ലാപഞ്ചായത്തിൽ നിന്നും ലഭിച്ചിരുന്നു. പ്രസ്തുത പ്രൊജക്ടിനായി ഇടെൻഡർ ക്ഷണിച്ചതിൽ കുറഞ്ഞനിരക്ക് ക്വോട്ട് ചെയ്ത ശ്രീ സിജുമോൻ എന്നയാൾക്ക് കരാർ ഉറപ്പിച്ച് നൽകിയിരുന്നു. ടിയാൾ ഭാഗികമായി പ്രവർത്തി പൂർത്തിയാക്കുകയും ആദ്യ പാർട്ട് ബില്ലായി 5,88,943/- രൂപ ( 2018-19 ൽ 4,88,943/-രൂപ ജില്ലാപഞ്ചായത്ത് വിഹിതവും തൻവർഷം 1,00,000/- രൂപ MG ) നൽകുകയും ചെയ്തിരുന്നു.

27-07-2021ന് പ്രസ്തുത സ്ഥലം അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധന നടത്തുകയുണ്ടായി. ചെക്ക് ഡാം രണ്ടുവശങ്ങളിലേക്ക് ബന്ധിപ്പിക്കുകയും ഷട്ടർ നൽകുകയും ചെയ്തിട്ടുണ്ട്. ചെക്ക് ഡാമിന്റെ പ്രവർത്തി പൂർത്തീകരിച്ച് എം ബുക്കിൽ രേഖപ്പെടുത്തിയിട്ടില്ലായെന്ന് കാണുന്നു. തോട്ടിൽ ജില്ലാപഞ്ചായത്ത് നേരിട്ട് നടത്തുന്ന പ്രൊജക്ടിന്റെ ഭാഗമായി കരാറുകാരൻ അനധികൃതമായി കല്ലുകെട്ടുകയും നീരൊഴുക്ക് തടസ്സപ്പെടുത്തുകയും ചെയ്തിരുന്നു. തോട് കൈയ്യേറിയത് സംബന്ധിച്ച തർക്കം നിലനിന്നിരുന്നതിനാൽ പണിനിർത്തിവച്ചിരുന്നതായി അസി.എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. തോട് അതിർത്തി കൃത്യമായി കണക്കാക്കാതെ പ്രവർത്തി ചെയ്തതിനാൽ



ജില്ലാപഞ്ചായത്ത് കരാർ റദ്ദ് ചെയ്തിരുന്നു. എന്നാൽ കൽക്കെട്ട് ഇരുവശവും വെള്ളമൊഴുകുന്ന രീതിയിൽ തോടിന് ഇടയിലായി നിലനിൽക്കുന്നുണ്ട്. പ്രസ്തുത കൽക്കെട്ട് കരാറുകാരന്റെ

ഉത്തരവാദിത്വത്തിൽ പൊളിച്ചുമാറ്റി നീരൊഴുക്ക് സുഗമമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

ചെക്ക് ഡാം ബന്ധിപ്പിച്ചിരുന്നുവെങ്കിലും ചെക്ക് ഡാമിനുമുകളിൽ നിർമ്മിച്ച പാലം ഇരുകരകളെയും ബന്ധിപ്പിച്ചിട്ടില്ലായെന്ന് കാണുന്നു. ഇരുകരകളിലും അപ്രോച്ച് റോഡില്ലാത്തതും യാത്രാസൗകര്യമില്ലാത്തതുമായ തോടിന് ഈ രീതിയിൽ പാലം നിർമ്മിച്ചതിന്റെ ആവശ്യകത വ്യക്തമല്ല. സ്വകാര്യവ്യക്തിയുടെ പുരയിടത്തിലേക്കാണ് പാലം എത്തിച്ചേരുന്നത്. സ്ഥലലഭ്യത സംബന്ധിച്ച് കൃത്യമായ പഠനം നടത്താതെ പാലം നിർമ്മാണത്തിന് എസ്റ്റിമേറ്റ് തയ്യാറാക്കുകയും നടപ്പാക്കുകയും ചെയ്തത് വഴി സർക്കാർഫണ്ടുകൾ പാഴ്ച്ചെലവായതായി ഓഡിറ്റ് വിലയിരുത്തുന്നു. ക്രമവിരുദ്ധമായിതോടിന്റെ വശം നികത്തി റോഡ് നിർമ്മിക്കാനാകുമെന്ന കണക്കുകൂട്ടലിലാണ് പാലം നിർമ്മാണം പൂർത്തീകരിച്ചതെന്ന് കരുതുന്നു. അനാവശ്യചെലവായി മാറിയ പാലത്തിന്റെ നിർമ്മാണത്തിനായി താഴെ പറയുന്ന പ്രവർത്തികൾ ചെയ്തിട്ടുണ്ട്.

Top Slab

1. Item No2(3) -Supply &Fitting TMT For Reinforcement= 1061.16 Kg@74945.13/Tonne=79528/-

2. Item No 2(2) -RCC For Top Slab =10.26m3@10556.30/M3 =1,08,307.638/-

പ്രസ്തുത വിഷയത്തിൽ നൽകിയ ഓഡിറ്റ് എൻക്വയറി (14/19-20)യ്ക്ക് മറുപടിയായി ചെക്ക് ഡാം എന്ന ഉദ്ദേശം നടന്നുവെന്നും ചെക്ക് ഡാം നിർമ്മാണം മൂലം തോട് മുറിച്ച് കടക്കാൻ വിഷമം നേരിടാം എന്ന കണക്കുകൂട്ടലിൽ നിന്നാണ് മുകളിൽ സ്ലാബ് നൽകി കണക്റ്റിവിറ്റി നൽകിയത് എന്നും അറിയിച്ചു. വർഷങ്ങളായി ഉപയോഗിച്ച് വരുന്ന നടപ്പുവഴിയാണ് എന്നും അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത മറുപടി അംഗീകരിക്കാവുന്നതല്ല. വളരെയധികം നീരൊഴുക്കുള്ള തോടിന് കുറുകെ നടപ്പുവഴിയുണ്ടായിരുന്നുവെന്നുള്ളത് അംഗീകരിക്കാവുന്നതല്ല. പാലം മറുകരയുമായി ബന്ധിപ്പിച്ചിട്ടില്ലായെന്ന് മാത്രമല്ല പാലത്തിന്റെ ലാൻഡിങ്ങ് നിർമ്മിക്കാൻ സാധിക്കുന്നത് സ്വകാര്യവ്യക്തിയുടെ പുരയിടത്തിലേക്കാണ്. ഒരു സ്വകാര്യവ്യക്തിക്ക് വഴിസൗകര്യം ചെയ്ത് കൊടുക്കുന്നതിനായി ടോപ്പ് കവർ സ്ലാബ് നിർമ്മിച്ച് നൽകുക വഴി സർക്കാർ ഗ്രാന്റ് ദുർവ്വിനിയോഗം ചെയ്തിരിക്കുന്നു. ടോപ്പ് സ്ലാബ് നിർമ്മാണത്തിനായി ചെലവഴിച്ച തുകയായ 1,87,835/-രൂപ പാഴ്ച്ചെലവ് ആയി മാറിയതായി ഓഡിറ്റ് വിലയിരുത്തുന്നു. 2019-20 വർഷം ഈയിനത്തിൽ ചെലവഴിച്ച 1,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-18 ജിഎസ് ടി കോമ്പൻസേഷൻ നൽകിയ കരാറുകാരനിൽ നിന്നും സ്രോതസ്സിൽ നിന്നും കിഴിവ് ചെയ്യേണ്ട നികുതി ഈടാക്കിയിട്ടില്ല

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണഉദ്യോഗസ്ഥനായ പ്രൊജക്റ്റ് നം 52/2020 കാവുംപടി കൊല്ലപ്പള്ളി നടപ്പാത കോൺക്രീറ്റിങ്ങ് എന്ന പ്രൊജക്റ്റിന് പ്രവൃത്തി നടപ്പാക്കി 91191/- രൂപ വാല്യുവേഷൻ കണക്കാക്കുകയും 12% GST നഷ്ടപരിഹാര തുകയായി 10943/- രൂപ ഉൾപ്പടെ 102134/- രൂപ (ബിൽ നം 12/21-12-19) ഫിലിപ് എബ്രഹാം എന്ന കരാറുകാരന് നൽകിയിരുന്നു. എന്നാൽ ബിൽ തുകയിൽ നിന്നും ആദായ നികുതി , ക്ഷേമനിധി വിഹിതം എന്നിവ ഈടാക്കിയിരുന്നുവെങ്കിലും GST-TDS വിഹിതമായി ഈടാക്കേണ്ടിയിരുന്ന 2% തുക ഈടാക്കിയിരുന്നില്ല. വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം9/21.07.2021) മറുപടിയായി പരിചയക്കുറവ് മൂലം സംഭവിച്ചതാണെന്ന മറുപടി നൽകിയിരുന്നു. കരാറുകാരൻ ജിഎസ് ടി വിഹിതമായി വാണിജ്യനികുതി വകുപ്പിലേക്ക് അടയ്ക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുന്നതിന് ഗ്രാമപഞ്ചായത്ത് ബില്ലിൽ നിന്നും സ്രോതസ്സിൽ 2% തുക കിഴിവ് നടത്തി

അടയ്ക്കേണ്ടിയിരുന്നു. ബന്ധപ്പെട്ട കരാറുകാരൻ പ്രസ്തുത വർക്കിന് ഫയൽചെയ്ത ജിഎസ് ടി റിട്ടേൺ ഹാജരാക്കാത്ത പക്ഷം ടിയാളിൽ നിന്നും 2% തുക ജിഎസ് ടി ഈടാക്കി സർക്കാരിലേക്ക് അടയ്ക്കേണ്ടതാണ്

## 1-19 എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ് - ആവശ്യാധിഷ്ഠിതമല്ലാതെയുള്ള നിർമ്മാണം -പാഴ്ച്ചെലവ്

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 135/2020കെഴുവംകുളം ഗവ.എൽപി സ്കൂളിന് എയ്റോബിക് കമ്പോസ്റ്റ് യൂണിറ്റ്. |
| അടങ്കൽ | 200000/-(ശുചിത്വമിഷൻ ) |
| ചെലവ് | 170031 |
| കരാറുകാരൻ | സിജുമോൻ സി |
| കരാർ നം | 75/AE/LSGD/KVL/06-03-19 |

കെഴുവംകുളം ഗവ.എൽപി സ്കൂളിൽ ഉണ്ടാകുന്ന ജൈവമാലിന്യങ്ങൾ സംസ്കരിക്കുക എന്ന ഉദ്ദേശത്തോടെ തയ്യാറാക്കിയ പ്രൊജക്റ്റായിരുന്നു ഇത് . പ്രസ്തുത സ്ഥലം അസിസ്റ്റന്റ് എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നേരിൽ പരിശോധന നടത്തുകയുണ്ടായി. ഷെഡ് നിർമ്മിച്ച് മൂന്ന് കമ്പോസ്റ്റ് ബിന്നുകൾ സ്ഥാപിച്ചിരുന്നുവെങ്കിലും യൂണിറ്റ് പ്രവർത്തനസജ്ജമാക്കുന്നതിന് നടപടികൾ ഉണ്ടായിട്ടില്ല. പ്ലാന്റിൽ കരിയിലയും ചാണകവും നിശ്ചിത അളവിൽ നിറച്ച് അതിന് മുകളിൽ മാലിന്യം നിക്ഷേപിച്ചാണ് പ്ലാന്റിന്റെ പ്രവർത്തനം നടത്തേണ്ടത്. കൃത്യമായ പ്രവർത്തനം നടത്തുന്നതിന് ഒരാളെ പരിശീലിപ്പിക്കേണ്ടതുണ്ട്. ഇത്തരം നടപടികൾക്കുള്ള സാദ്ധ്യതകൾ സ്കൂളിനെ സംബന്ധിച്ച് പ്രായോഗികമല്ല. സ്കൂളിൽ പ്രസ്തുത പ്ലാന്റിൽ നിക്ഷേപിക്കുന്നതിനുള്ള ജൈവമാലിന്യം ഉണ്ടായിരുന്നില്ലായെന്ന് ഹെഡ്മാസ്റ്റർ അറിയിച്ചു. സ്ഥാപനത്തിന്റെ ആവശ്യകത



പരിഗണിക്കാതെ ഇത്രയും തുക ചെലവഴിച്ച് എയറോബിക് കമ്പോസ്റ്റ് പ്ലാന്റ് നിർമ്മിച്ച് പ്രവർത്തനമില്ലാതെ അടഞ്ഞുകിടക്കുന്ന അവസ്ഥയാണ് നിലവിലുള്ളത്. കമ്പോസ്റ്റ് യൂണിറ്റ് പ്രവർത്തനസജ്ജമാകാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 170031/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-20 പൊതുശൗചാലയസമുച്ചയം- സ്ഥലലഭ്യത ഉറപ്പുവരുത്താതെ പ്രൊജക്റ്റ് ആരംഭിച്ചു- നിർമ്മാണം പൂർത്തിയാക്കിയവ പ്രയോജനപ്രദമായില്ല

| | |
|---|---|
| പ്രൊജക്റ്റ് നം &പേര് | 115/2020പൊതുശൗചാലയസമുച്ചയം |
| അടങ്കൽ | 200000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം) +17,03,609/-(ശുചിത്വമിഷൻ) |
| ചെലവ് | 200000/-(ധനകാര്യകമ്മീഷൻ ഗ്രാന്റ് വിഹിതം) +721129/-(ശുചിത്വമിഷൻ) |

| | |
|---|---|
| | Bill No 7/17-6-19 |
| കരാറുകാരൻ | സിജുമോൻ സി |
| കരാർ നം | 79/AE/LSGD/KVL/06-03-19 |
| എംബുക്ക് നം | 54/18-19 |

2ലക്ഷം രൂപ ധനകാര്യകമ്മീഷൻഗ്രാന്റ് വിഹിതവും 17,03,609/-രൂപ ശുചിത്വമിഷൻ ഗ്രാന്റുമുൾപ്പടെ 19,03,609/-രൂപ അടങ്കലായി തയ്യാറാക്കിയ പ്രൊജക്ടായിരുന്നു ഇത്. മൂന്ന് ടോയ് ലറ്റ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിനായിരുന്നു ലക്ഷ്യമിട്ടിരുന്നത്. എന്നാൽ ഇത് ഏതൊക്കെ സ്ഥലങ്ങളിലാണ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എന്നത് സംബന്ധിച്ച യാതൊരു വിവരങ്ങളും ഫയലിൽ സൂക്ഷിച്ചിരുന്നില്ല. സൈറ്റ് പ്ലാൻ , സ്കെച്ച്, കെട്ടിടത്തിന്റെ പ്ലാൻ, എസ്റ്റിമേറ്റ് റിപ്പോർട്ട് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. സ്ഥലം പരിശോധന നടത്തി സൈറ്റ് കണ്ടീഷൻ അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പകരം മൂന്ന് ടോയ് ലറ്റിനും കൂടി ഒറ്റ എസ്റ്റിമേറ്റായിരുന്നു തയ്യാറാക്കിയത്. ഇതിൽ രണ്ട് ടോയ് ലറ്റുകൾ മേവട പിഎച്ച്സി, ആയുർവേദ ഹോസ്പിറ്റൽ എന്നിവിടങ്ങളിൽ നിർമ്മിച്ചതായി എംബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടി സ്ഥലങ്ങളിൽ ടോയ് ലറ്റ് നിർമ്മിക്കുന്നതിന് പഞ്ചായത്ത് കമ്മറ്റി തീരുമാനമെടുത്തതായി കാണുന്നില്ല. മൂന്നാമത്തെ ടോയ് ലറ്റ് ആവശ്യമായ സെറ്റ്ബാക്ക് ഇല്ലാത്ത സ്ഥലത്തായതിനാൽ പുതിയ സ്ഥലം കണ്ടെത്തി നൽകണമെന്ന് അസി.എഞ്ചിനീയർ ആവശ്യപ്പെട്ടതായി ഫയലിൽ കാണുന്നു. സ്ഥലസൗകര്യം ഉറപ്പുവരുത്താതെ നിർമ്മാണം ആരംഭിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 8) മറുപടിയായി 14-9-2020 ലെ കമ്മറ്റി തീരുമാനം നം 1/7 പ്രകാരം 'ടേക്ക് എ ബ്രേക്ക് ' പദ്ധതിയിൽപ്പെടുത്തി പഞ്ചായത്ത് കമ്മ്യൂണിറ്റിഹാളിൽ നിർമ്മിക്കുന്നതിന് തീരുമാനമെടുക്കുകയും പണി ആരംഭിക്കുകയും ചെയ്തതായി അറിയിച്ചിരുന്നു. സ്ഥലം നിർണ്ണയിച്ച് സൈറ്റ് കണ്ടീഷൻ അനുസരിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് പകരം എസ്റ്റിമേറ്റ് തയ്യാറാക്കി പ്രൊജക്ട് തയ്യാറാക്കിയതിന് ശേഷം സ്ഥലം കണ്ടെത്തുക എന്ന നടപടി ശരിയായ പ്രവണതയല്ല. ഇത്തരം നടപടികൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>ഇലക്ട്രിഫിക്കേഷൻ, വാട്ടർ കണക്ഷൻ അഭാവം-പൂർത്തിയാക്കിയ ടോയ് ലറ്റുകൾ പ്രയോജനപ്രദമാകുന്നില്ല</u>

ടോയ് ലറ്റ് നിർമ്മാണം പൂർത്തിയാക്കിയ മേവട പിഎച്ച്സി, ആയുർവ്വേദ ആശുപത്രി എന്നിവിടങ്ങളിൽ 27-07-2021ന് അസി.എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ചിരുന്നു. രണ്ടു സ്ഥലങ്ങളിലും ഇലക്ട്രിക് കണക്ഷൻ നൽകിയിട്ടില്ലാത്തിനാൽ പൊതു ജനങ്ങൾക്ക് ഉപയോഗിക്കാൻ ബുദ്ധിമുട്ട് നേരിടുന്നുണ്ട്. ആയുർവേദ ആശുപത്രിയിൽ പ്ലമ്പിങ്ങ് വർക്കുകൾ ചെയ്തിരുന്നുവെങ്കിലും വാട്ടർകണക്ഷൻ ഇല്ലാത്തതിനാൽ ഉപയോഗശൂന്യമാണ്. ആയുർവേദ ആശുപത്രി കോംപൗണ്ടിന് മുകളിലായി ടോയ് ലറ്റ് കെട്ടിടത്തിന് ഭീഷണിയായി വലിയ പാറക്കല്ലുകൾ നിൽക്കുന്നത് അപകടാവസ്ഥയിലാണ്. കല്ലുകൾ വീണ് പ്ലമ്പിങ്ങ് ചെയ്ത പിവിസി പൈപ്പുകൾ പൊട്ടിയിട്ടുണ്ട്. അടിയന്തിരമായി സൈറ്റ് ക്ലിയർ ചെയ്ത് അപകടാവസ്ഥ ഒഴിവാക്കേണ്ടതുണ്ട്. ഇലക്ട്രിഫിക്കേഷൻ, വാട്ടർകണക്ഷൻ എന്നിവയ്ക്കായി അടിയന്തിരമായി പ്രൊജക്ട് തയ്യാറാക്കി ടോയ് ലറ്റുകൾ ഉപയുക്തമാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## <u>1-21 തോടനാൽ ഭാഗത്ത് നടപ്പാത കോൺക്രീറ്റിങ്ങ് - കരാർ പ്രകാരമുള്ള മുഴുവൻ പ്രവർത്തികളും പൂർത്തീകരിക്കാതെ ഫൈനൽ ബിൽ തുക നൽകി</u>

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി തോടനാൽ ഭാഗത്ത് 110mx1m ഫുട്പാത്ത് കോൺക്രീറ്റിങ്ങിനായി ധനകാര്യകമ്മീഷൻ വിഹിതം 1,00,000/- രൂപ അടങ്കലായി തയ്യാറാക്കിയ പ്രൊജക്റ്റ് (നം 36/19-20)പ്രകാരം കരാർ നൽകിയത് ശ്രീ സോബി എബ്രഹാം എന്ന കരാറുകാരന് ആയിരുന്നു. എന്നാൽ എംബുക്ക് (നം169/19-20) പ്രകാരം 84.5m മാത്രം കോൺക്രീറ്റിങ്ങ് പൂർത്തിയാക്കി കരാറുകാരന് ഫൈനൽ ബിൽ തുകയായി 56038/-(ബിൽ നം16/27-1-2020) രൂപ നൽകുകയും ചെയ്തിരുന്നു. പല റീച്ചുകളിലും വീതി എസ്റ്റിമേറ്റിലും വളരെകുറവായിരുന്നു. കരാറിലേർപ്പെട്ട മുഴുവൻ പ്രവർത്തിയും പൂർത്തികരിച്ച് തുക ചെലവഴിക്കാത്തതുമൂലം വികസനഫണ്ട് (CFC) പാഴായസാഹചര്യവുമുണ്ടായി. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം 10) മറുപടിയായി സ്ഥലപരിമിതി മൂലം 0.4m വരെ വീതിയും 25.5m നീളവും കുറവുണ്ടായിരുന്നുവെന്ന് അറിയിച്ചിരുന്നു. പ്രസ്തുത മറുപടി തൃപ്തികരമല്ല. സ്ഥലം പരിശോധിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കിയ ഉദ്യോഗസ്ഥന് സ്ഥലപരിമിതി ബോധ്യപ്പെട്ടിരുന്നില്ലായെന്നത് അംഗീകരിക്കാവുന്നതല്ല. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സൈറ്റ് കണ്ടീഷൻ പരിശോധിച്ച് കൃത്യമായ അളവിൽ തയ്യാറാക്കുന്നതിന് ശ്രദ്ധിക്കേണ്ടതും അതുവഴി ഫണ്ട് ലാപ്സാവുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 1-22 പഞ്ചായത്ത് അംഗം ഹാജരാകാത്ത കമ്മിറ്റികളിൽ ഹോണറേറിയം അനുവദിച്ചത് ക്രമപ്രകാരമല്ല

കൊഴുവനാൽ ഗ്രാമപഞ്ചായത്തിലെ രണ്ടാം വാർഡ് (കെഴുവംകുളം) മെമ്പർ ശ്രീ.ജോസ്മോൻ മുണ്ടയ്ക്കൽ തുടർച്ചയായ കാലയളവുകളിൽ പഞ്ചായത്ത് കമ്മറ്റി, അദ്ദേഹം അംഗമായ ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി എന്നിവയുടെ 04/19, 06/19 ,07/19, 08/19 മാസങ്ങളിലെ ഒരു യോഗത്തിലും ഹാജരായിരുന്നില്ല. എന്നാൽ ഈ കാലയളവിൽ ടിയാന് ചുവടെ ചേർക്കും പ്രകാരം ഹോണറേറിയം അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നം/ തീയതി | തുക |
|---|---|
| 21900061/02-05-19 | 7000 |
| 21900192/01-07-19 | 7000 |
| 21900255/01-08-19 | 7000 |
| 21900307 /01-09-19 | 7000 |

തദ്ദേശസ്വയംഭരണ വകുപ്പിന്റെ 13.08.2004ലെ ഉത്തരവ് ജി.ഒ.(പി)265/2004 പഞ്ചായത്തിന്റെ അനുവാദമില്ലാതെ യോഗങ്ങളിൽ ഒരംഗം ഹാജരാകാതിരുന്നാൽ ഹോണറേറിയത്തിന് അർഹതയില്ലാത്തതാണെന്ന് അനുശാസിക്കുന്നു. . ശ്രീ.ജോസ്മോൻ മുണ്ടയ്ക്കലിന് മേൽ മാസങ്ങളിൽ ഹോണറേറിയം അനുവദിച്ചതിനുള്ള കാരണം വ്യക്തമാക്കണ്ടേതാണെന്ന് ആവശ്യപ്പെട്ടു നൽകിയ എൻക്വയറി(11/20/26-07-21) യ്ക്ക് ഹോണറേറിയം നൽകിയതിന് വ്യക്തമായ വിശദീകരണം നൽകിയിട്ടില്ല. ആയതിനാൽ ഹോണറേറിയം ഇനത്തിൽ അനുവദിച്ച 28000(7000 X 4 ) രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

# ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ വിവരം

| വർഷം | വാർഷിക കണക്കുകൾ ലഭിച്ച തീയതി | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി |
|---|---|---|
| 2019-20 | 12.06.2020 | 21.07.2021 |

ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നല്കിയ സ്ഥാപനം | തുക ലഭിച്ച തീയതി | ലഭിച്ച തുക | പ്രോജക്ടിൻെറ പേര് | ചെലവ് | ബാക്കി |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് ളാലം | 28.11.2019 | 100000 | 20/20, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 100000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ളാലം | 09.12.2019 | 50000 | 23/20, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 50000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് ളാലം | 22.11.2019 25.11.2019 09.12.2019 | 500000 | 60/20, ലൈഫ് ഭവന പദ്ധതി - ജനറൽ | 500000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 07.01.2020 09.01.2020 | 162839 | 15/20, പാലിയേറ്റീവ് കെയർ | 162839 | 0 |

| | | | | | |
|---|---|---|---|---|---|
| ളാലം | 11.02.2020<br>26.02.2020<br>02.03.2020 | | | | |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 19.10.2019 | 250000 | 23/20, ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 250000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 21.12.2019<br>29.01.2020 | 400000 | 60/20, ലൈഫ് ഭവന പദ്ധതി - ജനറൽ | 400000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 17.10.2019 | 200000 | 20/20, ക്ഷീര കർഷകർക്ക് പാലിന് സബ്സിഡി | 200000 | 0 |
| ജില്ലാ പഞ്ചായത്ത്, കോട്ടയം | 23.01.2020 | 100000 | 22/20, അനുപൂരക പോഷകാഹാര പദ്ധതി | 100000 | 0 |
| | ആകെ | 1762839 | | 1762839 | 0 |

## 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഈയിനത്തിൽ ഓഡിറ്റ് വർഷം ചെലവില്ല.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

മൊബിലൈസേഷൻ അഡ്വാൻസ് നല്കിയിട്ടില്ല.

## 4-5 വായ്പ/വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് ഉദ്ദേശ്യം | ഉത്തരവ് നം., തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം എടുത്ത വായ്പ തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവന വായ്പ | ജി.ഒ.ആർ.ടി. 823/10/ ത.സ്വ.ഭ.വ തീയതി 11.03.10 | 23,00,000 | 1,12,386 | 0 | 1,12,386 | 0 |
| കെ.യു. ആർ.ഡി.എഫ്.സി. | ജി ഒ(എം.എസ്) 68/2018,18.05.2018, ജി ഒ(എം.എസ്) 100/2018, 30.07.2018 | 58,79,842 | 58,79,842 | 0 | 4,41,177 | 54,38,665 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

തോടനാൽ സർവ്വീസ് സഹകരണ ബാങ്കിലെ അക്കൗണ്ട് നം.19/25.02.2015ൽ 2,75,483 രൂപയുടെ സ്ഥിരനിക്ഷേപം ഉണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | തോടനാൽ സർവ്വീസ് സഹകരണ ബാങ്ക് |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 2,75,483 |
| തൻവർഷം നിക്ഷേപിച്ച തുക | - |
| പലിശ | 26,414 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 26,414 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 2,75,483 |
| സ്ഥിര നിക്ഷേപ നമ്പർ | 19/25.02.2015 |

മേൽ അക്കൗണ്ടിലെ പലിശ തുക വർഷാവസാനം പിൻവലിച്ച് തോടനാൽ സർവീസ് സഹകരണ ബാങ്കിലെ ദുരിതാശ്വാസ നിധിയിലേക്ക് (അക്കൗണ്ട് നം. 3169) നിക്ഷേപിക്കുന്നു.

## 4-7 ഓഡിറ്റ് റിക്കവറി

തൻവർഷം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശങ്ങൾ

സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം ഖണ്ഡിക നമ്പർ | സമാഹൃത റിപ്പോർട്ട് വർഷം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 1999-2000<br>17(ഘ) | 2001-02<br>5-3 | പണം പിൻവലിച്ചതിൽ ഗുരുതരമായ ക്രമക്കേട് | തീർപ്പാക്കിയിട്ടില്ല |
| 2000-01<br>ഭാഗം 1- 4(2) | 2004-05<br>3-5 (2) | കെട്ടിട നികുതി ഡിമാന്റിൽ ചേർത്ത് അടച്ചില്ല | തീർപ്പാക്കിയിട്ടില്ല |

## 4-9 ചാർജ് സർചാർജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

ഈയിനത്തിൽ തുകയൊന്നും വരവില്ല.

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | : | 39827471.90 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 33313513.00 |
| വരവിനങ്ങളിലുള്ള നഷ്ടം(ചാർജ് ചെയ്യാവുന്നത്) | : | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത | : | -- |

| | | |
|---|---|---|
| തുക(സർചാർജ് ചെയ്യാവുന്നത്) | | |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 298031 |

(ബി) <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 100000 | ശ്രീമതി ധനലക്ഷ്മി എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-19 | 170031 | ശ്രീമതി ധനലക്ഷ്മി എസ്, അസിസ്റ്റന്റ് എഞ്ചിനീയർ |
| 1-22 | 28000 | ശ്രീ. ലിജോ ജേക്കബ് സെക്രട്ടറി |
| | 298031 | |

(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

(ഇ) <u>റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ</u>

ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ചട്ടങ്ങൾ പ്രകാരം ചാർജ്/സർചാർജ് നടപടികൾക്ക് വിധേയമാക്കാവുന്ന വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## <u>4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ</u>

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1992-93 | നം.എൽ.എഫ്.കെ.പി.2/1177/94/7.7.95 | - |
| 1995-96 | നം.എൽ.എഫ്.കെ.പി.7/343/11/2.4.11/6.4.11 | 2 |
| 1997-98(ചെലവ്) | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ./18/215(1)/ 03.03.18 | 2 |
| 1998-99 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ./18/215(2)/ 03.03.18 | 3 |
| 1999-2000 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ./18/215(3)/ 03.03.18 | 1 |
| 2000-01 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ | 6 |

| | | |
|---|---|---|
| | അദാ./18/215(4)/ 03.03.18 | |
| 2001-02 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ./18/215(5/ 03.03.18 | 1 |
| 2002-03 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ./18/215(6)/ 03.03.18 | 3 |
| 2003-04 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ/215(8)/ 18/3.3.18 | 2 |
| 1998-99 (വരവ്) | നം.എൽ.എഫ്.കെ.പി.7/345/11/2.4.11/6.4.11 | 6 |
| 2004-05 | നം.കെ.എസ്.എ-കെ.ടി.എം.പി.7/(അദാ)18/ 215(9)18/3.3.18 | 9 |
| 2005-06 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ/18/215(10)/ 18/3.3.18 | 7 |
| 2006-07 | നം.കെ.എസ്.എ-കെ.ടി.എം.പി.7/അദാ/ 18/215(11)18/3.3.18 | 5 |
| 2007-08 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ/18/215(12)/ 18/3.03.18 | 4 |
| 2008-09 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ/18/215(13)/ 18/3.3.18 | 1 |
| 2009-10 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ/18/215(14)/ 18/3.3.18 | 5 |
| 2010-11 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ/18/215(15)/ 18/3.3.18 | 3 |
| 2011-12 | നം.കെ.എസ്.എ-കെ.ടി.എം.പി.7/ അദാ/18/215(16)/ 18/3.3.18 | 5 |
| 2012-13 | നം.എൽ.എഫ്.കെ.പി.7/601/15/30.9.15 | 11 |
| 2013-14, 14-15 | കെ.എസ്.എ- കെ.ടി.എം.പി7/1639/17/21.11.17 | 8 |
| 2015-16 | കെ.എസ്.എ- കെ.ടി.എം.പി7/1640/17/21.11.17 | 13 |
| 2016-17 | കെ.എസ്.എ- കെ.ടി.എം.പി7/2025/17/26.12.17 | 13 |
| 2017-18 | കെ.എസ്.എ-കെ.ടി.എം.പി7/18/2019/ 20.02.2019 | 27 |
| 2018-19 | കെ.എസ്.എ-കെ.ടി.എം.പി7/1779/2019/ 15.06.2020 | 31 |

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ<br>ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം<br>കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോട്ടയം ജില്ലയിലെ കൊഴുവനാൽ ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്